**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1362** **03-02-2026 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ ബസ് ഷെൽട്ടർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിൽ വിവിധ സ്ഥലങ്ങളിലായി എം. എൽ. എ. യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ബസ് ഷെൽട്ടർ നിർമ്മാണത്തിന് അനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; 2018 മുതലുള്ള പദ്ധതികൾ പൂർത്തീകരിക്കപ്പെടാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ; | (എ) | GO(Rt) 1178/2016/PWD dated 17-08-2016 പ്രകാരം ഭരണാനുമതി നല്കിയ ബസ് ഷെൽട്ടറുകൾ നിർമ്മിക്കാനുള്ള ഫണ്ട് അനുവദിച്ചു കൊണ്ട് 28-02-2018 ലെ GO(Rt) 350/2018/PWD പ്രകാരം ഉത്തരവായിരുന്നു എങ്കിലും 2018 ലെ മഹാപ്രളയത്തിലെ കെടുതികൾ കാരണം പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് സർക്കാർ ഉത്തരവ് GO(Ms) 35/2019/PWD dated 11-07-2019 പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് പൂട്ടുവാനും ആസ്തികൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാനും ഉത്തരവാകുകയും ചെയ്തതിനെത്തുടർന്ന് ബഹു.എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ബസ് ഷെൽട്ടർ നിർമ്മിക്കാനുള്ള പദ്ധതി തടസ്സപ്പെടുകയും ചെയ്തു. GO(Ms) 02/2025/PWD dated 09-01-2025 പ്രകാരം പ്രതീക്ഷ ബസ് ഷെൽറ്റേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി അടച്ച് പൂട്ടുവാനുള്ള തീരുമാനം റദ്ദ് ചെയ്തു. ഭരണാനുമതി ലഭിച്ച് 7 വർഷം കഴിഞ്ഞ് പോയതിനാൽ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ബസ് ഷെൽറ്ററുകളുടെ നിർമ്മാണത്തിനാവശ്യമായ തുക ലഭ്യമാണോ എന്നതും ഇതിലേക്കായി ജില്ലാ കളക്ടറുടെ പ്രത്യേക ഭരണാനുമതി ആവശ്യമാണോ എന്നതും പരിശോധിക്കുകയാണ്. ഇക്കാര്യത്തിൽ കോട്ടയം ജില്ലാ കളക്ടർക്ക് 07-07-2025-ൽ കത്ത് നൽകിയിരുന്നു എങ്കിലും മറുപടി ലഭിച്ചിട്ടില്ല. |
| (ബി) | പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന സ്ഥാപനം പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിലേയ്ക്ക് ലയിപ്പിച്ച പശ്ചാത്തലത്തിൽ, മുമ്പ് അനുവദിച്ച ബസ് ഷെൽട്ടർ നിർമ്മാണ പ്രവർത്തികൾ നടപ്പാക്കുന്നതിനുള്ള ഭരണപരമായ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | GO(Rt) 1178/2016/PWD dated 17-08-2016 പ്രകാരം ഭരണാനുമതി നല്കിയ ബസ് ഷെൽട്ടറുകൾ നിർമ്മിക്കാനുള്ള ഫണ്ട് അനുവദിച്ചു കൊണ്ട് 28-02-2018 ലെ GO(Rt) 350/2018/PWD പ്രകാരം ഉത്തരവായിരുന്നു എങ്കിലും 2018 ലെ മഹാപ്രളയത്തിലെ കെടുതികൾ കാരണം പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് GO(Ms) 35/2019/PWD dated 11-07-2019 പ്രകാരം പ്രതീക്ഷ ബസ് ഷെൽറ്റേഴ്സ് കേരള ലിമിറ്റഡ് പൂട്ടുവാനും ആസ്തികൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാനും ഉത്തരവാകുകയും ചെയ്തതിനെത്തുടർന്ന് ബഹു.എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ബസ് ഷെൽട്ടർ നിർമ്മിക്കാനുള്ള പദ്ധതി തടസ്സപ്പെടുകയും ചെയ്തു. GO(Ms) 02/2025/PWD dated 09-01-2025 പ്രകാരം പ്രതീക്ഷ ബസ് ഷെൽറ്റേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി അടച്ച് പൂട്ടുവാനുള്ള തീരുമാനം റദ്ദ് ചെയ്തു. ഭരണാനുമതി ലഭിച്ച് 7 വർഷം കഴിഞ്ഞ് പോയതിനാൽ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ബസ് ഷെൽറ്ററുകളുടെ നിർമ്മാണത്തിനാവശ്യമായ തുക ലഭ്യമാണോ എന്നതും ഇതിലേക്കായി ജില്ലാ കളക്ടറുടെ പ്രത്യേക ഭരണാനുമതി ആവശ്യമാണോ എന്നതും പരിശോധിക്കുകയാണ്. ഇക്കാര്യത്തിൽ കോട്ടയം ജില്ലാ കളക്ടർക്ക് 07-07-2025-ൽ കത്ത് നൽകിയിരുന്നു എങ്കിലും മറുപടി ലഭിച്ചിട്ടില്ല. |
| (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് 10/06/2025-ന് ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിക്കും പുതിയ കമ്പനിക്കും നൽകിയ കത്തിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | GO(Rt) 1178/2016/PWD dated 17-08-2016 പ്രകാരം ഭരണാനുമതി നല്കിയ ബസ് ഷെൽട്ടറുകൾ നിർമ്മിക്കാനുള്ള ഫണ്ട് അനുവദിച്ചു കൊണ്ട് 28-02-2018 ലെ GO(Rt) 350/2018/PWD പ്രകാരം ഉത്തരവായിരുന്നു എങ്കിലും 2018 ലെ മഹാപ്രളയത്തിലെ കെടുതികൾ കാരണം പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് സർക്കാർ ഉത്തരവ് GO(Ms) 35/2019/PWD dated 11-07-2019 പ്രകാരം പ്രതീക്ഷ ബസ് ഷെൽറ്റേഴ്സ് കേരള ലിമിറ്റഡ് പൂട്ടുവാനും ആസ്തികൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാനും ഉത്തരവാകുകയും ചെയ്തതിനെത്തുടർന്ന് ബഹു.എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ബസ് ഷെൽട്ടർ നിർമ്മിക്കാനുള്ള പദ്ധതി തടസ്സപ്പെടുകയും ചെയ്തു. GO(Ms) 02/2025/PWD dated 09-01-2025 പ്രകാരം പ്രതീക്ഷ ബസ് ഷെൽറ്റേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി അടച്ച് പൂട്ടുവാനുള്ള തീരുമാനം റദ്ദ് ചെയ്തു. ഭരണാനുമതി ലഭിച്ച് 7 വർഷം കഴിഞ്ഞ് പോയതിനാൽ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ബസ് ഷെൽറ്ററുകളുടെ നിർമ്മാണത്തിനാവശ്യമായ തുക ലഭ്യമാണോ എന്നതും ഇതിലേക്കായി ജില്ലാ കളക്ടറുടെ പ്രത്യേക ഭരണാനുമതി ആവശ്യമാണോ എന്നതും പരിശോധിക്കുകയാണ്. ഇക്കാര്യത്തിൽ കോട്ടയം ജില്ലാ കളക്ടർക്ക് 07-07-2025-ൽ കത്ത് നൽകിയിരുന്നു എങ്കിലും മറുപടി ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മലപ്പുറം സ്പൈസ് ഗ്രൂപ്പ് എന്ന കമ്പനി ടെണ്ടറിൽ പങ്കെടുത്ത് ഏറ്റെടുത്ത ബസ് ഷെൽട്ടർ നിർമ്മാണ പ്രവർത്തികൾ, കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേനയോ അല്ലെങ്കിൽ നിലവിൽ ചുമതലയുള്ള ഔദ്യോഗിക ഏജൻസി മുഖേനയോ നടപ്പാക്കാൻ തയ്യാറാണോ; | (ഡി) | മലപ്പുറം സ്പൈസസ് ഗ്രൂപ്പ് എന്ന കമ്പനിയുമായിട്ടുള്ള കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാനുള്ള സമയം 19-11-2018 വരെ നീട്ടി നൽകിയെങ്കിലും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കരാർ നിലവിലില്ലാത്തതിനാൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പുതിയ ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്. |
| (ഇ) | 26.95 ലക്ഷം രൂപ വകയിരുത്തി അനുവദിച്ച ഫണ്ട് (4059-60-051-72 Projects under LAC ADS) ഇതുവരെ വിനിയോഗിക്കപ്പെടാതിരിക്കാൻ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | 2018 ലെ മഹാപ്രളയത്തിലെ കെടുതികൾ കാരണവും, GO(Ms) 35/2019/PWD dated 11-07-2019 പ്രകാരം പ്രതീക്ഷ ബസ് ഷെൽറ്റേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി പൂട്ടാൻ തീരുമാനിച്ചതിനാലുമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ